നം. സി.ഇ.ഇ/1717/2010/കെഇഎഎം-2011/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**വിജ്ഞാപനം**

# 2011 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ്

2011 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ **24.08.2011** ന് ആരംഭിക്കുന്നതാണ്. മൂന്നാം ഘട്ട അലോട്ടുമെന്റിൽ വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോഴ്സ്/കോളേജിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും **24.08.2011 മുതൽ 26.08.2011 വരെ www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്. **26.08.2011** വൈകുന്നേരം 5 മണി വരെ നിലവിലുള്ള ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **30.08.2011** ന് **മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.** മൂന്നാം ഘട്ട അലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ഫീസ്/അധിക ഫീസ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ **31.08.2011, 01.09.2011, 02.09.2011 എന്നീ** തീയതികളിൽ ഒടുക്കേണ്ടതാണ്. **SBT** ശാഖകളുടെ ലിസ്റ്റ് **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. ഫീസ് ഒടുക്കിയ വിദ്യാർത്ഥികൾക്ക് **31.08.2011 മുതൽ 03.09.2011 വരെ** അതതു കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടാവുന്നതാണ്.

**രണ്ടാം ഘട്ട അലോട്ട്മെന്റിൽ ലഭിച്ച അലോട്ട്മെന്റ് തൃപ്തികരമാണെങ്കിൽ അവരവരുടെ ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷൻ റദ്ദ് ചെയ്യാനുള്ള അവസരം വിദ്യാർത്ഥികളുടെ ഹോം പേജിലൂടെ മാത്രമേ ലഭ്യമാവുകയുള്ളൂ.**

**മൂന്നാം ഘട്ട അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു:**

| | |
|---|---|
| 24.08.2011 | നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോഴ്സ്/കോളേജുകളിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു |
| 26.08.2011 (വൈകുന്നേരം 5 മണി വരെ) | ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു |
| **30.08.2011** | **മൂന്നാം ഘട്ട അലോട്ടുമെന്റ്** |
| 31.08.2011 to 02.09.2011 | അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ ഫീസ്/അധിക ഫീസ് ഒടുക്കണം |
| 31.08.2011 to 03.09.2011 | അലോട്ട്മെന്റ് ലഭിച്ച് ഫീസ് ഒടുക്കിയ വിദ്യാർത്ഥികൾ അതതു കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. |
| 06.09.2011 | കോളേജ് അധികാരികൾ നോൺ ജോയിനിംഗ് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. |
| 13.09.2011 | മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് ക്യാൻസൽ ചെയ്യാനുള്ള അവസാന തീയതി. |

മൂന്നാം ഘട്ട അലോട്ടുമെന്റിൽ താഴെപറയുന്ന കോഴ്സ്/കോളേജുകളിലേക്ക് പുതുതായി ഓപ്ഷൻ നൽകാവുന്നതാണ് :

| SELF-FINANCING MEDICAL COLLEGES UNDER GOVERNMENT CONTROL | | |
|---|---|---|
| **No.** | **College** | **Course** |
| 1 | Co-operative Medical College, Kochi, Kalamassery (**CMC**) | MBBS |
| 2 | Academy of Medical Sciences, Pariyaram, Kannur (**KNM**) | MBBS |

| NEW ENGINEERING COLLEGES & COURSES | | |
|---|---|---|
| **No.** | **College** | **Course** |
| 1 | Holy Kings College of Engineering and Technology, Moovattupuzha, Ernakulam (**HKC**) | **CE, CS, EC, EE, ME** |
| 2 | Holy Crescent College of Architecture, South Vazhakulam, Aluva (**HCA**) | B.Arch - **AR** |
| 3 | College of Architecture, Vellanad, Thiruvananthapuram (**NVR**) | B.Arch - **AR** |
| 4 | College of Engineering, Pathanapuram, Kollam (**PEC**) | **CE, CS, EC, EE** |
| 5 | Sri. Eranakulathappan College of Engineering & Management, Thrissur (**ECE**) | **CE, CS, EC, EE** |
| 6 | Vinjyan Institute of Science & Technology, Nellurupara, Piravom, Ernakulam (VIT) | **CE, CS, EC, EE, ME** |
| 7 | Kottayam Institute of Technology & Science, Pallicathode, Kottayam (**KIT**) | **ME, CE, EC, EE, AU** |

| NEW ENGINEERING COURSES | | |
|---|---|---|
| 1 | College of Engineering, Perumon, Perinad P O, Kollam (**PRN**) | **ME** |
| 2 | College of Engineering, Adoor, Pathanamthitta (**ADR**) | **EE** |
| 3 | College of Engineering, Attingal, Thiruvananthapuram (**CEA**) | **EE** |
| 4 | College of Engineering, Karunagappally, Kollam (**KNP**) | **EE** |
| 5 | Thangal Kunju Musaliar Institute of Technology, Ezhukone, Kollam (**TKI**) | **EE, ME** |
| 6 | Royal College of Engineering & Technology, Akkikavu, Thrissur (**RCE**) | **EE** |
| 7 | KMCT College of Engineering for Women, Mukkam, Kozhikode (**KMW**) | **BM** |
| 8 | Sreepathy Institute of Management & Technology, Vavanoor P O, Koottanadu, Palakkad (**SPT**) | **ME** |
| 9 | UKF College of Engineering & Technology, Parippally, Kollam (**UKP**) | **ME** |

**സർക്കാർ നിയന്ത്രിത സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് ഘടന**

| **മെഡിക്കൽ (എം.ബി.ബി.എസ്)** | | | | |
|---|---|---|---|---|
| കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കൊച്ചി (**CMC**) | **50% ഗവൺമെന്റ് സീറ്റ്** | | | **35% മാനേജ്മെന്റ് സീറ്റ്** |
| | **ബി പി എൽ/ താഴ്ന്ന വരുമാനം (7 സീറ്റ്)** | **എസ്.ഇ.ബി.സി വിഭാഗം (13 സീറ്റ്)** | **സ്റ്റേറ്റ് മെറിറ്റ്** | |
| | **25,000/-** രൂപ | **37,000/-** രൂപ | **87,000/-** രൂപ | **4,45,000/-** രൂപ |
| അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം, കണ്ണൂർ (**KNM**) | **50% ഗവൺമെന്റ് സീറ്റ്** | | | |
| | **ബി പി എൽ/താഴ്ന്ന വരുമാനം (10 സീറ്റ്)** | **എസ്.ഇ.ബി.സി വിഭാഗം (13 സീറ്റ്)** | **സ്റ്റേറ്റ് മെറിറ്റ്** | |
| | **23,000/-** രൂപ | **44,000/-** രൂപ | **1,00,000/-** രൂപ | |

**അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം, കണ്ണൂർ (KNM) / കോ-ഓപ്പറേറ്റിവ് മെഡിക്കൽ കോളേജ്, കൊച്ചി (CMC) എന്നീ കോളേജുകളിലെ ഫീസിളവ്**

സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ മെഡിക്കൽ കോളേജുകളായ അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം, കണ്ണൂർ/കോ-ഓപ്പറേറ്റിവ് മെഡിക്കൽ കോളേജ്, കൊച്ചി എന്നീ കോളേജുകളിൽ ബി.പി.എൽ വിഭാഗത്തിൽപെടുന്നവർ/താഴ്ന്ന വാർഷിക കുടുംബ വരുമാനമുള്ളവർ/എസ്.ഇ.ബി.സി. വിദ്യാർത്ഥികൾ എന്നിവർക്ക് താഴെ പറയുന്ന രീതിയിൽ ഫീസിളവ് ലഭിക്കുന്നതാണ്.

(a) പ്രവേശന പരീക്ഷാ കമ്മീഷണർ മെരിറ്റ് സീറ്റിൽ അലോട്ട് ചെയ്യുന്ന മൊത്തം വിദ്യാർത്ഥികളിൽ നിന്നും ബി.പി.എൽ. വിഭാഗത്തിൽ പെടുന്ന/ഏറ്റവും താഴ്ന്ന വാർഷിക കുടുംബ വരുമാനമുള്ള **CMC** യിലെ **7** വിദ്യാർത്ഥികൾക്ക് **25000 രൂപ** ഫീസ് നിരക്കിലും **KNM** ലെ **10** വിദ്യാർത്ഥികൾക്ക് **23000 രൂപ** ഫീസ് നിരക്കിലും പഠിക്കാവുന്നതാണ്. ഇവരെ തെരഞ്ഞെടുക്കുന്നതിന് റാങ്കോ കാറ്റഗറിയോ ബാധകമായിരിക്കുകയില്ല. ഫീസ് ആനുകൂല്യം ലഭിക്കുന്നതിനാൽ SC/ST/OEC വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ ഇതിലേക്ക് പരിഗണിക്കുന്നതല്ല.

(b) **CMC** ൽ പ്രവേശന പരീക്ഷാ കമ്മീഷണർ മെരിറ്റ് സീറ്റിൽ അലോട്ട് ചെയ്യുന്ന മൊത്തം വിദ്യാർത്ഥികളിൽ നിന്നും SEBC വിഭാഗത്തിൽപ്പെടുന്ന **13** വിദ്യാർത്ഥികൾക്ക് **37000** രൂപ നിരക്കിലും **KNM** ലെ SEBC വിഭാഗത്തിൽപ്പെടുന്ന **13** വിദ്യാർത്ഥികൾക്ക് **44000** രൂപ നിരക്കിലും പഠിക്കാവുന്നതാണ്. റാങ്കിന്റെ അടിസ്ഥാനത്തിലായിരിക്കും ഇവരെ തെരഞ്ഞെടുക്കുക.

ഈ ആനുകൂല്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നത് ഈ കോളേജുകളിലേക്കുള്ള അലോട്ട്മെന്റ് പൂർത്തിയായതിനുശേഷമായിരിക്കും. ആയതിനാൽ അലോട്ട്മെന്റ് സമയത്ത് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ സർക്കാർ നിശ്ചയിച്ച വാർഷിക മെറിറ്റ് ഫീസായ **CMC** യിൽ **87,000** രൂപയും/**KNM** ൽ **1,00,000** രൂപയും ഒടുക്കേണ്ടതാണ്. ഫീസിളവ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ ബാക്കി തുക മടക്കി നൽകുന്നതാണ്.

സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ സർക്കാർ സീറ്റിലേക്കുള്ള ഫീസ് **60,000** രൂപയാണ്. 05.08.2011 ൽ ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനം പ്രകാരമുള്ള ഫീസ് ആനുകൂല്യത്തിന്റെ വ്യവസ്ഥകൾ മൂന്നാം ഘട്ട അലോട്ടുമെന്റിൽ ഉൾപ്പെടുത്തിയ പുതിയ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്കും ബാധകമായിരിക്കും.

മൂന്നാം ഘട്ട അലോട്ടുമെന്റ് പ്രകാരം രണ്ടാം ഘട്ട അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയിരുന്ന 75 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ടുമെന്റ് ലഭിച്ച് ഫീസ് ഒടുക്കിയതിനുശേഷം അലോട്ടുമെന്റ് ക്യാൻസൽ ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള പ്രൊഫോർമ പൂരിപ്പിച്ച്, **13.09.2011** ന് വൈകുന്നേരം 5 മണിക്കു മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അലോട്ടുമെന്റ് ക്യാൻസൽ ചെയ്യുന്നവരുടെ നിലവിലുള്ള അലോട്ടുമെന്റും എല്ലാ ഹയർ ഓപ്ഷനുകളും റദ്ദ് ചെയ്യുന്നതാണ്. ഫാക്സ് മുഖേന ലഭിക്കുന്ന അലോട്ടുമെന്റ് ക്യാൻസൽ ചെയ്യാനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതല്ല. **13.09.2011** നുശേഷം ഈ 75 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേക്കുള്ള അലോട്ടുമെന്റ് ക്യാൻസലേഷൻ അനുവദിക്കുന്നതല്ല.

അടുത്ത ഒരു അലോട്ടുമെന്റോടുകൂടി (നാലാം ഘട്ട അലോട്ട്മെന്റ്) രണ്ടാം ഘട്ട അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയിരുന്ന 75 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ അലോട്ട്മെന്റ് നടപടികൾ അവസാനിക്കുന്നതാണ്. നാലാം ഘട്ട അലോട്ട്മെന്റ് പ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും അലോട്ടുമെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.

അല്ലാത്തപക്ഷം പ്രോസ്പെക്ടസിലെ ക്ലോസ് 12.2.4 (c) പ്രകാരമുള്ള പിഴ നൽകാൻ ബാധ്യസ്ഥരായിരിക്കും.

നാലാം ഘട്ട അലോട്ട്മെന്റ് പ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ (75 കോളേജുകളിൽ) അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ എല്ലാ ഹയർ ഓപ്ഷനുകളും റദ്ദ് ചെയ്യുന്നതാണ്. എന്നാൽ മൂന്നാം ഘട്ട അലോട്ട്മെന്റ് മുതൽ ഉൾപ്പെടുത്തിയിട്ടുള്ള സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് ഇത് ബാധകമായിരിക്കുകയില്ല.

നാലാം ഘട്ട അലോട്ടുമെന്റിനെക്കുറിച്ചുള്ള വിജ്ഞാപനം യഥാസമയം പുറപ്പെടുവിക്കുന്നതാണ്.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee-kerala.org** എന്ന വെബ്സൈറ്റിലും ലഭിക്കുന്നതാണ്. ഹെൽപ്പ് ലൈൻ നമ്പർ : **0471 - 2339101, 2339102, 2339103, 2339104** (രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ)

തിരുവനന്തപുരം
23.08.2011

**പ്രവേശന പരീക്ഷാ കമ്മീഷണർ**